ശ്രീ. ടി. കെ. ദിവാകരൻ : പ്രഥമദൃഷ്ട്യാ അഴിമതിയുണ്ടെന്നു് ആരും പറഞ്ഞിട്ടില്ല. അതു് ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായമാണു്. വിൽക്കാനിടയായ സാഹചര്യത്തെപ്പറ്റി വിശദീകരിച്ചു കഴിഞ്ഞു. പി. ഡബ്ലിയു. ഡി. കോഡു് അനുവദിക്കുന്ന രീതിയിലാണു് ചെയ്തിട്ടുള്ളതു്. വാടക കൊടുക്കേണ്ടിവന്നതിൽ തെറ്റായി എന്തെങ്കിലുമുണ്ടോ എന്നു് അന്വേഷിക്കാം.

ശ്രീ. ആർ. എസ്. ഉണ്ണി : എയർ കംപ്രസ്സറിനു് വാടക ഈടാക്കിക്കൊണ്ടിരുന്ന കാലത്തു് അതിന്റെ റിപ്പെയറിംഗ് ചാർജസ് ആരാണു് വഹിച്ചതു്, വാടകയും റിപ്പെയറിംഗ് ചാർജസും തമ്മിൽ പൊരുത്തമുണ്ടോ, എത്രമാത്രം തുക റിപ്പെയറിംഗ് ചാർജസ് ആയി ചെലവായിട്ടുണ്ടു് ?

ശ്രീ. ടി. കെ. ദിവാകരൻ : വാടക ഈടാക്കിയിരുന്ന കാലത്തു് റിപ്പെയറിംഗിനു് എന്തു ചെലവായി എന്നു് നോട്ടീസു കൂടാതെ പറയാൻ കഴിയുകയില്ല.

## കൃഷിവകുപ്പു മന്ത്രിയുടെ പേരിൽ ഉന്നയിച്ച ആരോപണങ്ങൾ

* 168 [622] ശ്രീ. കെ. ജി. നീലകണ്ഠൻ നമ്പൂതിരിപ്പാടു് : താഴെ കാണുന്ന ചോദ്യത്തിനു് കൃഷിയും വിദ്യുച്ഛക്തിയും മന്ത്രി സദയം മറുപടി നൽകുമോ :

കൃഷിവകുപ്പു മന്ത്രിയുടെ പേരിൽ ചില ആരോപണങ്ങൾ ഉന്നയിച്ചുകൊണ്ടു് സസ്പെൻഷനിലിരിക്കുന്ന ഒരു ഉദ്യോഗസ്ഥനായ ശ്രീ. സി. കെ. എൻ. നായർ ഒരു പരസ്യ പ്രസ്താവനയിറക്കിയതിന്മേൽ, ഗവണ്മെന്റു് എന്തെങ്കിലും നടപടിയെടുത്തുവോ ?

കൃഷിയും വിദ്യുച്ഛക്തിയും മന്ത്രി (ശ്രീ. എം. എൻ. ഗോവിന്ദൻ നായർ) :

നടപടിയെടുക്കാനാവശ്യമായ പ്രാരംഭ നടപടികൾ എടുത്തിട്ടുണ്ടു്.

ശ്രീ. വി. വി. ദക്ഷിണാമൂർത്തി : എന്തു നടപടിയാണു് എടുക്കാൻ ഉദ്ദേശിക്കുന്നതെന്നു പറയാൻ ദയവുണ്ടാകുമോ ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : ഇപ്പോഴത്തന്നെ ആ ഉദ്യോഗസ്ഥൻ ഒരു അന്വേഷണത്തിനു വിധേയനായി സസ്പെൻഷനിലിരിക്കുകയാണു്. അദ്ദേഹത്തെ സംബന്ധിച്ച ആരോപണങ്ങൾ ഒരു ട്രിബ്യൂണലിന്റെ മുൻപിൽ ഇരിക്കുകയാണു്. അദ്ദേഹത്തിന്റെ സ്റ്റേറ്റുമെന്റു സംബന്ധിച്ച വിവരങ്ങളും അദ്ദേഹത്തിന്റെ മറുപടിയും സ്വീകരിച്ചുകഴിഞ്ഞശേഷം ട്രിബ്യൂണൽ തീരുമാനമെടുക്കുന്നതനുസരിച്ചായിരിക്കും നടപടി.

ശ്രീ. വി. വി. ദക്ഷിണാമൂർത്തി : അദ്ദേഹത്തിന്റെമേൽ ഉന്നയിച്ചിരുന്ന ആരോപണങ്ങൾ എന്തെല്ലാമാണു്; അവ യാഥാർത്ഥ്യങ്ങളാണോ എന്നു പരിശോധിക്കാമോ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : വേറെ ചോദ്യമായി ചോദിച്ചാൽ ഉത്തരം പറയാം.

ശ്രീ. പി. എസ്. നമ്പൂതിരി : ഈ ഉദ്യോഗസ്ഥനെപ്പറ്റി ആരോപണങ്ങൾ ട്രിബ്യൂണലിന്റെ മുൻപിൽ ഉണ്ടെന്നു പറഞ്ഞു. ഇതിനു മുൻപുണ്ടായ നടപടികൾ സംബന്ധിച്ചാണതു്. അതുകൂടാതെ, സർവീസിലിരിക്കുന്നയാൾ മന്ത്രിക്കെതിരായി പ്രസ്താവന പുറപ്പെടുവിച്ചതു് സർവീസ് റൂൾസിന്റെ ലംഘനമാണെന്ന നിലയിൽ പരിശോധിച്ചിട്ടുണ്ടോ ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : അതും പരിശോധിച്ചേ അവസാന തീരുമാനമെടുക്കുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരി : സർ, ഒരു വിശദീകരണം : പ്രസ്താവന നടത്തിയപ്പോഴും അതിനുള്ള കാരണത്തെ സംബന്ധിച്ച് ചീഫ് മിനിസ്റ്റർ ആവശ്യപ്പെട്ടിട്ട് ചീഫ് സെക്രട്ടറി സമാധാനം ചോദിക്കുകയും ഈ ഉദ്യോഗസ്ഥൻ സമാധാനം നൽകുകയും ചെയ്തിട്ടുണ്ട്. അതു് ഗവണ്മെൻറിന്റെ പരിഗണനയിലിരിക്കുകയാണു്.

## വിദ്യാർത്ഥികൾക്കു് സ്കോളർഷിപ്പു്

* 169 [623] ശ്രീ. പി. ഗംഗാധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സർവ്വകലാശാലയുടെ കീഴിൽ ഗവേഷണം നടത്തുന്ന വിദ്യാർത്ഥികൾക്കു് സ്കോളർഷിപ്പു് കൊടുക്കുന്നതിനു് കേന്ദ്രഗവണ്മെൻറും യു. ജി. സി.യും കേരള സർവ്വകലാശാലയും കൂടി 1960–നു ശേഷം ആകെ എത്ര സംഖ്യ ചെലവാക്കിയിട്ടുണ്ടു്;

(ബി) ഈ സ്കോളർഷിപ്പു് നൽകുന്നതിനർഹരായവരെ നിശ്ചയിക്കുന്നതിനടിസ്ഥാനമായ നിബന്ധനകളെന്തെല്ലാം;

(സി) ഈ സ്കോളർഷിപ്പു് 1960–നു ശേഷം ആകെ എത്ര ഗവേഷണ വിദ്യാർത്ഥികൾക്കു് കൊടുത്തിട്ടുണ്ടു്;

(ഡി) അവരിൽ എത്രപേർ ഡിഗ്രി ബിരുദം നേടിയെന്നു പറയാമോ ?

വിദ്യാഭ്യാസമന്ത്രി (ശ്രീ. സി. എച്ചു്. മുഹമ്മദുകോയ) :

(എ) 17,82,064 രൂപ.

(ബി) നിബന്ധനകളുടെ ഒരു പ്രതി മേശപ്പുറത്തു വച്ചിട്ടുണ്ടു്. †

(സി) 355.

(ഡി) 50 പേർക്കു ബിരുദം കൊടുത്തുകഴിഞ്ഞു.

ശ്രീ. പി. ഗംഗാധരൻ : സ്കോളർഷിപ്പു കൊടുക്കുന്ന കാര്യത്തിൽ ഓരോ കൊല്ലവും ഓരോ തരത്തിലുള്ള നിബന്ധനകളാണു് ഉണ്ടാക്കുന്നതു് എന്നുള്ളതുകൊണ്ടു് അർഹരായ പലർക്കും സ്കോളർഷിപ്പു കിട്ടുന്നില്ല. പ്രത്യേകിച്ചും പിന്നോക്ക സമുദായക്കാർക്കും പട്ടികജാതി പട്ടികവർഗ്ഗക്കാർക്കും തീരെ കിട്ടുന്നില്ല എന്ന ആക്ഷേപമുണ്ടു്. അതുകൊണ്ടു് വർഷംതോറും നിബന്ധനകൾ മാറാതിരിക്കാൻ വേണ്ട നിർദ്ദേശം നൽകുമോ ?

ശ്രീ. സി. എച്ചു്. മുഹമ്മദുകോയ : സർവ്വകലാശാലയുടെ നിയമമനുസരിച്ചാണു് സ്കോളർഷിപ്പു കൊടുക്കുന്നതു്. സ്കോളർഷിപ്പിന്റെ കാര്യത്തിൽ പട്ടികജാതി പട്ടികവർഗ്ഗക്കാർക്കു് റിസർവേഷനുള്ളതായി അറിവില്ല. നിബന്ധനകൾ കൂടെക്കൂടെ മാറുന്നുണ്ടോ എന്നും അറിവില്ല. ഏതായാലും യൂണിവേഴ്സിറ്റി അതിന്റെ നിബന്ധനകൾ മാറരുതെന്നു് ഗവണ്മെൻറു് പറയുന്നതു ശരിയായിരിക്കുകയില്ല. നിബന്ധനകളുടെ കാര്യത്തിൽ എന്തെങ്കിലും തകരാറുണ്ടെങ്കിൽ ബഹുമാനപ്പെട്ട മെമ്പർക്കുതന്നെ അതു് സർവ്വകലാശാലാധികൃതരുടെ ശ്രദ്ധയിൽ പെടുത്താവുന്നതുമാണു്.

ശ്രീ. പി. ഗംഗാധരൻ : 1965–66–ൽ മെറിറ്റും 1966–67–ൽ സീനിയാറിട്ടിയും മാത്രം ഒക്കെയാണു് സ്കോളർഷിപ്പു കൊടുക്കുന്നതിനു മാനദണ്ഡമായി സ്വീകരിച്ചിട്ടുള്ളതു്. അതുമൂലം, അർഹരായവർക്കു കിട്ടുന്നുമില്ല. അതുകൊണ്ടു് നിബന്ധനകളൊന്നു സരിച്ചു നടക്കുന്നുണ്ടോ എന്നു ഗവണ്മെൻറു് പരിശോധിച്ചു് വേണ്ട നിർദ്ദേശം കൊടുക്കാൻ തയ്യാറാകുമോ ?

† Placed in the Library.

LIBRARY ARCHIVES Kerala Legislative Assembly